# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്

ആറ്റുകാൽ, തിരുവനന്തപുരം–9.

നമ്പർ:ഇ3/1755/2022/എബിറ്റിറ്റി/2030 തീയതി : 27.11.2022

## ക്വട്ടേഷൻ നോട്ടീസ്

വിഷയം:–ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് – 2023 പൊങ്കാല മഹോത്സവം – കുത്തിയോട്ട കുട്ടികളെ ചമയിക്കുന്നതിനാവശ്യമായ കിരീടം, വിഗ്, അരയിൽക്കെട്ട്, കമ്മൽ മുതലായവ നൽകുന്നതിനുള്ള ക്വട്ടേഷനെ സംബന്ധിച്ച് –

.................

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ 2023–ാം ആണ്ടിലെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് കുത്തിയോട്ട കുട്ടികളെ ചമയിക്കുന്നതിന്, പരിചയസമ്പന്നരായിട്ടുള്ള ആളുകളിൽ നിന്നും, താഴെപറയുന്ന നിബന്ധനകളനുസരിച്ച് മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ഭംഗിയുള്ള കിരീടം, വിഗ്, അരയിൽക്കെട്ട്, തോൾക്കാപ്പ്, നെക്ക്ലെസ്, കമ്മൽ മുതലായവയോടുകൂടി ആവശ്യാനുസരണം നല്ലയിനം പൗഡർ, പേസ്റ്റ്, മറ്റു ഇതര ചമയസാധനങ്ങൾ എന്നിവ സ്വന്തം ഉത്തരവാദിത്വത്തിൽ കൊണ്ടുവന്ന് കുട്ടികളെ ഭംഗിയായി ചമയിക്കുന്നതിന് ഒരു കുട്ടിക്ക് വേണ്ടിവരുന്ന തുക രേഖപ്പെടുത്തിയിരിക്കണം. കുട്ടികളെ അണിയിക്കുന്ന ചമയ സാധനങ്ങൾ ഒന്നും തന്നെ തിരികെ നൽകുന്നതല്ല ( കുറഞ്ഞത് രണ്ട് മാതൃകയിലുള്ള ഓരോ കിരീടം കൊണ്ടുവരണം).

## നിബന്ധനകൾ

1 **07.03.2023** ചൊവ്വാഴ്ച ഉച്ചയ്ക്ക് 2.30 മണിയോടുകൂടി കുത്തിയോട്ട കുട്ടികളെ ചമയിക്കുന്നതിനായി ഏൽപ്പിക്കുന്നതും മുകളിൽ പറഞ്ഞ ചമയ വസ്തുക്കൾ ഉപയോഗിച്ച് ഭംഗിയായി എല്ലാ കുട്ടികളേയും രാത്രി 7.00 മണിക്കു മുമ്പായി ചമയിച്ച് ചൂരൽ കുത്തുന്നതിന് കൊണ്ടുപോകത്തക്കവണ്ണം സജ്ജമാക്കി നിർത്തേണ്ടതുമാണ്. കുട്ടികൾക്ക് അലർജി ഉണ്ടാകാൻ സാദ്ധ്യതയുള്ള കെമിക്കലുകൾ അടങ്ങിയ ചമയ സാധനങ്ങൾ ഉപയോഗിക്കാൻ പാടില്ല.

2 ചമയിക്കുന്നതിനാവശ്യമായ ജോലിക്കാരെ (50ൽ കുറയാതെ) കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിലും സ്വന്തം ചെലവിലും കൊണ്ടുവരേണ്ടതാണ്.

3 കുട്ടികളെ ഉടുപ്പിക്കുന്നതിനും, ഇടുപ്പിൽ കെട്ടുന്നതിനുമുള്ള വസ്ത്രങ്ങൾ ട്രസ്റ്റിൽ നിന്നും നൽകുന്നതാണ്. ആവശ്യം കഴിഞ്ഞതിനുശേഷം മിച്ചം വരുന്ന തുണികൾ കുത്തിയോട്ട കൺവീനറെ ഏൽപ്പിക്കേണ്ടതാണ്.

4 ചമയിക്കുന്നതിനാവശ്യമായ മുകളിൽ പറഞ്ഞിരിക്കുന്ന സാധന സാമഗ്രികൾ അഞ്ചാം ഉത്സവ ദിവസമായ **03.03.2023 വെള്ളിയാഴ്ച വൈകുന്നേരം 5.00 മണിക്കു** മുമ്പ് ക്ഷേത്രത്തിൽ കൊണ്ടുവന്ന് കുത്തിയോട്ട കമ്മിറ്റി കൺവീനറെ ഏൽപ്പിക്കേണ്ടതും തുടർന്ന് ആയതിന്റെ സുരക്ഷ നോക്കേണ്ടതുമാണ്.

5 മുകളിൽ പറഞ്ഞിരിക്കുന്ന സാധനങ്ങൾ ഉൾപ്പെടെ ഒരു കുട്ടിയെ ചമയിക്കുന്നതിനാവശ്യമായ നിരക്ക് അക്കത്തിലും അക്ഷരത്തിലും വ്യക്തമായി എഴുതേണ്ടതാണ്.

6 ഉദ്ദേശം 900 കുട്ടികൾക്കുവേണ്ടിവരുന്ന ചമയ സാധനങ്ങൾ റെഡിയാക്കി വയ്ക്കേണ്ടതും, കൃത്യമായ എണ്ണം **20.02.2023** തിങ്കളാഴ്ച വൈകുന്നേരം 6.00 മണിക്ക് അറിയിക്കുന്നതുമാണ്.

7 കിരീടം ഇളകിപോകാതിരിക്കുന്നതിനുവേണ്ടി ഇലാസ്റ്റിക് സ്ട്രാപ്പു കൊണ്ടു കെട്ടി ഉറപ്പിക്കത്തക്ക വിധത്തിൽ തയ്യാറാക്കേണ്ടതാണ്. കിരീടത്തിന് അമിതഭാരം ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

8 ക്വട്ടേഷനുകൾ **05.12.2022 തിങ്കളാഴ്ച** വൈകുന്നേരം **3.30** മണിക്കു മുമ്പായി മുകളിൽ പറഞ്ഞിട്ടുള്ള ചമയ സാധനങ്ങളുടെ സാമ്പിളുകൾ (കിരീടം വ്യത്യസ്ത മാതൃകയിൽ കുറഞ്ഞത് 2 എണ്ണം) സഹിതം സെക്രട്ടറിക്ക് നൽകേണ്ടതാണ്. ചമയസാധനങ്ങൾ പുറമെ കാണുവാൻ സാധിക്കാത്ത വിധം പൊതിഞ്ഞു കൊണ്ടു വരേണ്ടതാണ്. അന്നേദിവസം വൈകുന്നേരം **4.00** മണിക്ക് ക്വട്ടേഷൻ നൽകിയ കരാറുകാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ പൊട്ടിക്കുന്നതാണ്. താമസിച്ച് കിട്ടുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ നൽകുന്ന കവറിന്റെ പുറത്ത് കിരീടം, ചമയങ്ങൾക്കുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായ 5000 രൂപ ട്രസ്റ്റ് ഓഫീസിൽ അടച്ച രസീതോ, ടി തുകയ്ക്ക് ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ട്രസ്റ്റ് സെക്രട്ടറിയുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റോ അടക്കം ചെയ്തിരിക്കണം. കുത്തിയോട്ട കമ്മറ്റിയുടെയുടെയും സ്റ്റിയറിംഗ് കമ്മിറ്റിയുടെയും പരിഗണനയ്ക്കുശേഷം ഉചിതമായ കരാറുകാരനെ തെരഞ്ഞെടുക്കുന്നതും രേഖാമൂലമായ അറിയിപ്പു ലഭിച്ചതിനുശേഷം ട്രസ്റ്റ് വ്യവസ്ഥകൾ അംഗീകരിച്ച് 200/- രൂപ മുദ്രപത്രത്തിൽ കരാറുകാരൻ എഗ്രിമെന്റ് എഴുതി ഒപ്പിട്ട് നൽകേണ്ടതുമാണ്

9 സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

10 ക്വട്ടേഷനുകൾ കാരണം പറയാതെ തന്നെ ഭാഗികമായോ പൂർണ്ണമായോ നിരസിക്കുന്നതിനുള്ള അധികാരം ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

11 കൂടുതൽ വിവരങ്ങൾ കുത്തിയോട്ട കമ്മിറ്റി കൺവീനറിൽ നിന്നും അറിയാവുന്നതാണ്.

12 കോവിഡ് 19 വ്യാപനവുമായി ബന്ധപ്പെട്ട സർക്കാർ മാനദണ്ഡങ്ങൾ കർശനമായും പാലിച്ചിരിക്കേണ്ടതാണ്.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനു വേണ്ടി

സെക്രട്ടറി

നോട്ടീസ് ബോർഡ് : 1. ക്ഷേത്രം
2. ഓഫീസ്
3. വെബ്സൈറ്റ്

പകർപ്പ് : 1. പ്രസിഡന്റ്, എബിറ്റിറ്റി
2. ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2023
3 ജോയിന്റ് ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2023
4. കൺവീനർ, കുത്തിയോട്ട കമ്മിറ്റി, പൊങ്കാല മഹോത്സവം-2023
5. ഫയൽ.

SI